# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6374 — 08/07/2014 ൽ മറുപടിക്ക്

## മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.ഹംസ : | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഏതെല്ലാം മന്ത്രിമാർക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിജിലൻസ് കേസ്സെടുത്തിട്ടുണ്ട് ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ മന്ത്രിസഭയിലെ ശ്രീ.പി.ജെ.ജോസഫിനെതിരെ മാത്രമാണ് വിജിലൻസ് കേസെടുത്തിട്ടുള്ളത്. |
| (ബി) ഓരോ കേസ്സിന്റെയും വിശദാംശം എന്താണ് ; കേസ്സെടുത്തത് എന്നാണ്; ഓരോ കേസ്സിന്റെയും നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) ശ്രീ.പി.ജെ.ജോസഫിനെതിരെ 3 വിജിലൻസ് കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഓരോ കേസിന്റെയും വിശദാംശം ( കേസ് നമ്പർ, ആരോപണം, കേസ്സെടുത്ത വർഷം, കേസിന്റെ നിലവിലെ സ്ഥിതി എന്നിവ) അനുബന്ധമായി ചേർക്കുന്നു. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര വിജിലൻസ് അന്വേഷണ റിപ്പോർട്ടുകൾ ലഭ്യമായി എന്നും ഓരോന്നിലും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിലവിലെ മന്ത്രിസഭയിലെ മന്ത്രിമാർ ഉൾപ്പെട്ടിട്ടുള്ള 10 അന്വേഷണ റിപ്പോർട്ടുകൾ കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ എട്ട് എണ്ണത്തിൽ തുടർ നടപടികൾ ആവശ്യമില്ല എന്ന ശുപാർശയോടെ റിപ്പോർട്ടുകൾ കോടതിയിൽ സമർപ്പിക്കുകയും കോടതി അവ അംഗീകരിക്കുകയും ചെയ്തു. ബാക്കിയുള്ള രണ്ടു കേസുകളിൽ ഒരെണ്ണത്തിൽ മേൽ നടപടികൾ ആവശ്യമില്ല എന്ന അന്വേഷണ റിപ്പോർട്ടിന്റെ ശുപാർശയിന്മേൽ കോടതി അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ല. രണ്ടാമത്തെ കേസിൽ പ്രസ്തുത കേസ് മിസ്റ്റേക്ക് ഓഫ് ഫാക്ട് ആയി കണക്കാക്കണമെന്ന അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലിനെതിരെ ഫയൽ ചെയ്ത അപ്പീൽ ഹർജി കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

7.

## അനുബന്ധം

| ക്രമ നമ്പർ | കേസ് നമ്പർ | ആരോപണം | കേസെടുത്ത വർഷം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | വി.സി.05/2012/ ഇ.ആർ.കെ | റവന്യൂ മന്ത്രിയായിരിക്കെ ഗ്രീൻബർഗ് റിസോർട്ട് ഉടമയ്ക്ക് വനം കൈയ്യേറാൻ അനധികൃതമായി അനുമതി നൽകി. | 2012 | അന്വേഷണം കോടതി സ്റ്റേ ചെയ്തിരിക്കുന്നു. |
| 2 | വി.സി.06/2012/ ഇ.ആർ.കെ | റവന്യൂ മന്ത്രിയായിരിക്കെ ഗ്രീൻബർഗ് റിസോർട്ട് ഉടമയ്ക്ക് വനം കൈയ്യേറാൻ അനധികൃതമായി അനുമതി നൽകി. | 2012 | അന്വേഷണം കോടതി സ്റ്റേ ചെയ്തിരിക്കുന്നു. |
| 3 | വി.സി.07/2013/ റ്റി.എസ്.ആർ. | ജലവിഭവ മന്ത്രിയായിരിക്കെ അനധികൃതമായി വാട്ടർ കണക്ഷൻ അനുവദിക്കാൻ നിർദ്ദേശിച്ചു. | 2013 | അന്തിമ റിപ്പോർട്ട് കോടതിയിൽസമർപ്പിച്ചു. |